**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനം, വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ വനം, വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അതിനുവേണ്ടി അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ, ഈ സർക്കാരിന്റെ കാലയളവിൽ, വനം- വന്യജീവി വകുപ്പ് മുഖേന, വിവിധ ബഡ്ജറ്റ് ശീർഷ കങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച കൊണ്ടുള്ള, വിവിധ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ, 34.42 ലക്ഷം രൂപ ചെലവിൽ ഹരിത കേരളം പദ്ധതി, ഹരിത കേരള മിഷൻ പദ്ധതി, പച്ചതുരുത്ത് പദ്ധതി, വനമഹോൽസവത്തിന്റെ ഭാഗമായി ആദിവാസി ഊരുക |ളിൽ വൃക്ഷവൽക്കരണം നടത്തുന്നതിന് വൃക്ഷതൈ വിതരണം തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല മണ്ഡലത്തിന്റെ \| പരിധിയിൽ ചുവടെ പറയുന്ന പ്രവർത്തികളാണ് നടപ്പിലാ ക്കിയിട്ടുള്ളത്. *ഹരിത കേരളം പദ്ധതിയിലൂടെ എന്റെ മരം, നമ്മുടെ മരം. *ഹരിത കേരള മിഷൻ വഴി തദ്ദേശ സ്വയംഭരണ സ് ഥാപനങ്ങൾക്ക് വൃക്ഷതൈ വിതരണം. *പച്ചതുരുത്ത് പദ്ധതിയിലൂടെ 3369 വലിയ കൂടതൈ കൾ ഉല്പാദിപ്പിച്ച് വിതരണം. *വനമഹോൽസവത്തിന്റെ ഭാഗമായി ആദിവാസി ഊരുകളിൽ വൃക്ഷവൽക്കരണം നടത്തുന്നതിന് വൃക്ഷ തൈ വിതരണം. മേൽ പദ്ധതികൾക്കായി 34.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ആയതിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ? | (സി) | മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുള്ള തൈകൾ നട്ടുപിടിപ്പിച്ചതിന്റെ അതിജീവനശതമാനം സർവ്വേ \|നടത്തി കണക്കാക്കിയതിൽ, 56.48% വൃക്ഷതൈകൾ അതിജീവിച്ച് വരുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ